# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2698** **17.06.2019 ലെ മറുപടി**

## ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിലുള്ള പച്ചത്തുരുത്ത് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിലുള്ള പച്ചത്തുരുത്ത് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്താണെന്ന് വ്യക്താമക്കാമോ; | (എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ലഭ്യമായ പൊതു,സ്വകാര്യ ഭൂമികളിൽ (½ സെന്റ് മുതൽ) പ്രാദേശിക ജൈവ വൈവിധ്യത്തിന്റെ ഭാഗമായുള്ള വൃക്ഷങ്ങളും, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ എന്നിവ എല്ലാം ഉൾപ്പെടുന്ന സ്വഭാവിക വനമാതൃകകൾ വച്ചു പിടിപ്പിക്കുകയാണ് പച്ചത്തുരുത്ത് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.<br>ഹരിതഗൃഹ പ്രഭാവം മൂലമുള്ള കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്നതിനുള്ള പ്രായോഗിക ഇടപെടൽ എന്ന രീതിയിലാണ് ഇത് നടപ്പിലാക്കുന്നത്.<br>സാധാരണയുള്ള വൃക്ഷതൈ നടീൽ പരിപാടിയിൽ നിന്ന് വ്യത്യാസമായി തുടർപരിപാലനം കൂടി ഉറപ്പു വരുത്തുന്ന രീതിയിലാണ് പച്ചത്തുരുത്ത് സംഘാടനം നടത്തുന്നത്. |
| (ബി) ഈ പദ്ധതിയുടെ ഭാഗമായി ഏതെല്ലാം കേന്ദ്രങ്ങളെയാണ് കാസർഗോഡ് ജില്ലയിൽ തിരഞ്ഞെടുത്തിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ചു വ്യക്തമാക്കാമോ; | (ബി) കാസർഗോഡ് ജില്ലയിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഈ കേന്ദ്രങ്ങളിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്നും ആവശ്യമായ ഫണ്ട് എത്രയാണെന്നും അത് എങ്ങനെ കണ്ടെത്തുമെന്നും വ്യക്തമാക്കാമോ; | (സി) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ലഭ്യമായ പൊതു, സ്വകാര്യ ഭൂമികളിൽ (½ സെന്റ് മുതൽ) പ്രാദേശിക ജൈവ വൈവിധ്യത്തിന്റെ ഭാഗമായുള്ള വൃക്ഷങ്ങളും, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ എന്നിവ എല്ലാം ഉൾപ്പെടുന്ന സ്വഭാവിക വനമാതൃകകൾ വച്ചു പിടിപ്പിക്കുകയാണ് പച്ചത്തുരുത്ത് |

പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

പച്ചത്തുരുത്തിന് തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ അനുയോജ്യമായ തൈകൾ സോഷ്യൽ ഫോറസ്ട്രി മുഖേന സൗജന്യമായി ലഭ്യമാകുന്നതിന് ഉത്തരവായിട്ടുണ്ട്. കൂടാതെ നടീൽ മുതൽ പരിപാലനം വരെ മാഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി, തുടർ സംരക്ഷണത്തിനായി പ്രാദേശിക സംഘാടക സമിതി രൂപീകരിച്ച് തദ്ദേശസ്ഥാപന തലത്തിൽ നടുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനു ആവശ്യമായ ഫണ്ട് തദ്ദേശസ്ഥാപന തലത്തിലാണ് കണ്ടെത്തേണ്ടത്.

(ഡി) ഹരിതകേരളം മിഷൻ സംസ്ഥാനത്ത് നടത്തിയ പുഴ പുനരുജ്ജീവന ജല സംരക്ഷണ പ്രവർത്തനങ്ങളെ ആധാര മാക്കിയാണോ ജലസംഗമം സംഘടി പ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഉടനീളം ജലസംരക്ഷണ പ്രവർത്തങ്ങൾ നടത്തിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ വിജയകരമായി നടത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും, വകുപ്പുകൾക്കും അവരുടെ പ്രവർത്തനങ്ങൾ വിദഗ്ധരുടെ മുമ്പിൽ അവതരിപ്പിക്കുന്നതിനും, തുടർപ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം ലഭ്യമാകുന്നതിനുമാണ് 'ജലസംഗമം' എന്ന പേരിൽ ദേശീയ സെമിനാർ നടത്തിയത്. ഇതോടൊപ്പം ഇത്തരം പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മികച്ച മാതൃകകൾ മനസ്സിലാക്കുന്നതിനും സെമിനാർ ഉപകരിച്ചു. ഇതു വരെ നടത്തിയ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി വിലയിരുത്തുന്നതിനായി മൂന്നു മേഖലകളായി തിരിച്ചാണ് സെമിനാർ അവതരിപ്പിച്ചത്.

1) നദി പുനരുജ്ജീവനവും സുസ്ഥിരതാ വെല്ലുവിളികളും
2) പ്രാദേശിക ജലസ്രോതസ്സുകളും ജലസുരക്ഷാ പ്ലാനും
3) നഗര നീർചാലുകളും, ജല പുനരുപയോഗവും

(ഇ) എങ്കിൽ പുഴപുനരുജ്ജീവന-ജലസംരക്ഷണ പ്രവർത്തങ്ങൾക്കാണോ, ജലസംഗമത്തിനാണോ കൂടുതൽ തുക ചെലവായതെന്നു വ്യക്തമാക്കാമോ?

(ഇ) സംസ്ഥാനത്ത് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ നദി പുനരുജ്ജീവന പ്രവർത്തങ്ങൾ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ജനകീയ കൂട്ടായ്മകളുടെയും നേതൃത്വത്തിലാണ് നടത്തിയിട്ടുള്ളത്. ഇതിന്റെ തുടർ പ്രവർത്തങ്ങൾ ജലസേചന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചും തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയുമാണ് ഏറ്റെടുക്കാറുള്ളത്. ഇതിനായി മിഷൻ പണം ചെലവഴിക്കാറില്ല.

ഹരിതകേരളം മിഷൻ സംഘടിപ്പിച്ച ദേശീയ സെമിനാർ, ഇത്തരം പ്രവർത്തങ്ങളിൽ ശാസ്ത്രീയ പിന്തുണ ലഭ്യമാകുന്നതിനും വിവിധ തദ്ദേശസ്വയംഭരണ സ്ഥലങ്ങളുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

പച്ചത്തുരുത്ത്

| ക്രമ നം | തദ്ദേശ സ്വയംഭരണ സ്ഥാപനം | സർവ്വേ നമ്പർ | സ്ഥലത്തിന്റെ വിസ്തീർണം തരം | സ്ഥലത്തിന്റെ തരം |
|---|---|---|---|---|
| 1 | മധൂർ | ചേനക്കോട് മുൻ ശ്മശാന ഭൂമി | 4 സെന്റ് | പഞ്ചായത്ത് സ്ഥലം |
| 2 | ഈസ്റ്റ് എളേരി | ചിറ്റാരിക്കൽ വില്ലേജ്, കമ്പല്ലൂർ ആയുർവേദ ആശുപത്രിയുടെ സ്ഥലം | 10 സെന്റ് | പൊതു സ്ഥലം |
| 3 | പുല്ലൂർ പെരിയ | 110 - ഉദയനഗർ | 10 സെന്റ് | സർക്കാർ ഭൂമി |
| | | 376/1 - മാപ്പിളത്തൊട്ടി | 3 സെന്റ് | സർക്കാർ ഭൂമി |
| 4 | മടിക്കൈ | കോതോട്ട് പാറ | 5 സെന്റ് | പൊതുസ്ഥലം |
| | | മല്പച്ചേരി | 5 സെന്റ് | പൊതുസ്ഥലം |
| | | ബങ്കളം | 5 സെന്റ് | പൊതുസ്ഥലം |
| | | കൊളങ്ങാട് | 5 സെന്റ് | പൊതുസ്ഥലം |
| | | ചെരണത്തല | 5 സെന്റ് | പൊതുസ്ഥലം |
| | | കാഞ്ഞിരപ്പൊയിൽ | 5 സെന്റ് | പൊതുസ്ഥലം |
| | | ആലമ്പാടി | 5 സെന്റ് | പൊതുസ്ഥലം |
| | | വെള്ളച്ചേരി | 5 സെന്റ് | പൊതുസ്ഥലം |
| | | ഏച്ചിക്കാനം | 5 സെന്റ് | പൊതുസ്ഥലം |
| | | വാഴക്കോട് | 5 സെന്റ് | പൊതുസ്ഥലം |
| | | കോളിക്കുന്ന് | 5 സെന്റ് | പൊതുസ്ഥലം |
| | | എരിക്കുളം | 5 സെന്റ് | പൊതുസ്ഥലം |
| | | അടുക്കത്ത് പറമ്പ് | 5 സെന്റ് | പൊതുസ്ഥലം |
| | | ചാളക്കടവ് | 5 സെന്റ് | പൊതുസ്ഥലം |
| | | കീക്കാങ്കോട് | 5 സെന്റ് | പൊതുസ്ഥലം |
| | | അമ്പലത്തറ | 5 സെന്റ് | പൊതുസ്ഥലം |
| 5 | കിനാനൂർ കരിന്തളം | കോളം കുളം | 20 സെന്റ് | റവന്യൂ |
| | | ചായ്യോത്ത് | 20 സെന്റ് | പഞ്ചായത്ത് ഭൂമി |
| 6 | വലിയ പറമ്പ | ഒരിയര | 10 സെന്റ് | സർക്കാർ പുറമ്പോക്ക് |
| 7 | മഞ്ചേശ്വരം | 203/1 ബി, 216/1 | 3 സെന്റ് | പൊതുസ്ഥലം |
| | | 39/1 ബി പി.ടി | 22 സെന്റ് | പൊതുസ്ഥലം |
| 8 | കയ്യൂർ ചീമേനി | 137/2 | 50 സെന്റ് | പൊതുസ്ഥലം |
| 9 | ബദിയടുക്ക | പെരിയടുക്ക | 25 സെന്റ് | പൊതുസ്ഥലം |
| 10 | കമ്പഡാജെ | നാഡിഗുഡ്ഡെ | 2 ഏക്കർ | പൊതുസ്ഥലം |
| | | നടുവങ്കടി | 57 സെന്റ് | പൊതുസ്ഥലം |
| | | മാർപ്പനടുക്ക പഞ്ചായത്ത് കോമ്പൗണ്ട് | 30 സെന്റ് | പൊതുസ്ഥലം |
| | | കൈലാസ് നഗർ | 1 ഏക്കർ 10 സെന്റ് | പുറമ്പോക്ക് |
| 11 | മൊഗ്രാൽപുത്തൂർ | ബെദിയടുക്ക | 2 ഏക്കർ | പുറമ്പോക്ക് |
| 12 | ചെമ്മനാട് | കോളിയടുക്കത്തെ പഞ്ചായത്ത് വക സ്ഥലം, കൃഷി ഓഫീസ് കോമ്പൗണ്ട് | 1.5 ഏക്കർ | പൊതുസ്ഥലം |
| 13 | പള്ളിക്കര | വെളുത്തോളി 449/2 | 3 സെന്റ് | സർക്കാർ സ്ഥലം |
| 14 | പനത്തടി | ആയുർവേദ ആശുപത്രിക്ക് സമീപം | 5 സെന്റ് | പൊതുസ്ഥലം |
| 15 | കോടോം ബേളൂർ | ഹോമിയോ ആശുപത്രി എരുമക്കുളം | 3 സെന്റ് | പൊതുസ്ഥലം |
| | | ഹോമിയോ ആശുപത്രി ബേളൂർ | 3 സെന്റ് | പൊതുസ്ഥലം |
| | | ആയുർവേദ ആശുപത്രി ഒടയംചാൽ | 3 സെന്റ് | പൊതുസ്ഥലം |

| | | | | |
|---|---|---|---|---|
| | | പി.എച്ച്.സി എണ്ണപ്പാറ | 3 സെന്റ് | പൊതുസ്ഥലം |
| | | വെറ്ററിനറി ഹോസ്പിറ്റൽ കാലി ച്ചനടുക്കം | 3 സെന്റ് | പൊതുസ്ഥലം |
| | | തായന്നൂർ സാംസ്കാരിക നിലയം | 3 സെന്റ് | പഞ്ചായത്ത് സ്ഥലം |
| | | ആഗ്രോ സർവ്വീസ് സെന്റർ എട്ടു പൊതിപ്പാട് | 3 സെന്റ് | പൊതുസ്ഥലം |
| | | കൃഷി വിജ്ഞാപന കേന്ദ്രം അയ റോട്ട്, അയ്യംകാവ് | 3 സെന്റ് | പൊതുസ്ഥലം |
| | | പഞ്ചായത്ത് ഓഫീസ്, അട്ടേ ങ്ങാനം | 3 സെന്റ് | പഞ്ചായത്ത് സ്ഥലം |
| 16 | വെസ്റ്റ് എളേരി | തലോലപ്പൊയിൽ | 5 സെന്റ് | പഞ്ചായത്ത് സ്ഥലം |
| 17 | കുറ്റിക്കോൽ | കുറ്റിക്കോൽ ഹൈസ്കൂൾ പരി സരം | 3 സെന്റ് | പൊതുസ്ഥലം |
| 18 | ഉദുമ | 131/1 എ1 - ഉദുമ വില്ലേജ് | 5 സെന്റ് | സർക്കാർ പുറം ബോക്ക് സ്ഥലം |
| | | 336/10 - ബാര വില്ലേജ് | 5 സെന്റ് | സർക്കാർ പുറം ബോക്ക് സ്ഥലം |
| | | 141/1 എ1 - പള്ളിക്കര സെക്കന്റ് വില്ലേജ് | 10 സെന്റ് | സർക്കാർ പുറം ബോക്ക് സ്ഥലം |
| 19 | പൈവളികെ | മുളിഗദ്ദെ - പഞ്ചായത്ത് അതിഥി മന്ദിരം എന്നറിയപ്പെടുന്ന പഴയ കെട്ടിടത്തിനു ചുറ്റുമുള്ള സ്ഥലം | 40 സെന്റ് | പഞ്ചായത്ത് സ്ഥലം |
| 20 | ബേഡഡുക്ക | പഞ്ചായത്ത് ശ്മശാനം - കുണ്ടം കുഴി | 10 സെന്റ് | പഞ്ചായത്ത് സ്ഥലം |
| | | വ്യാവസായ എസ്റ്റേറ്റ് - നെല്ലിയ ടുക്കം | 10 സെന്റ് | പഞ്ചായത്ത് സ്ഥലം |
| | | ജി.എച്ച്.എസ്.കുണ്ടംകുഴി | 15 സെന്റ് | പൊതുസ്ഥലം |
| | | ജി.എൽ.പി.എസ് - ചേരിപ്പാട് | 10 സെന്റ് | പൊതുസ്ഥലം |